# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്തചോദ്യം നം: 2772 18.06.2018 -ൽ മറുപടിക്ക്**

## സ്കൂൾ കുട്ടികളുടെ ഉച്ചഭക്ഷണ വിതരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി.പി. അയിഷാ പോറ്റി | പ്രൊഫ: സി.രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| എ) സ്കൂൾ കുട്ടികൾക്ക് വിതരണം ചെയ്യുന്ന ഉച്ചഭക്ഷണത്തിൽ എന്തെല്ലാം ഇനങ്ങൾ ഉൾപ്പെടുത്തുന്നതിനാണ് നിർദ്ദേശം നൽകിയിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ; | എ) ഭക്ഷണത്തിന്റെ വൈവിധ്യം ഉറപ്പാക്കികൊണ്ട് വേണം പ്രതിദിന മെനു നിശ്ചയിക്കേണ്ടതെന്നും ഭക്ഷണത്തിൽ നിന്നും കുട്ടികൾക്ക് അവശ്യം ലഭിക്കേണ്ട കലോറിമൂല്യം, പ്രോട്ടീൻ എന്നിവ ലഭിക്കത്തക്കവിധത്തിലുള്ള ഭക്ഷണ സാധനങ്ങൾ തെരഞ്ഞെടുക്കുന്നതിന് പ്രത്യേകം ശ്രദ്ധിക്കണമെന്നും പ്രഥമാദ്ധ്യാപകർക്കും സ്കൂൾ ഉച്ചഭക്ഷണ കമ്മിറ്റികൾക്കും കൃത്യമായ നിർദ്ദേശം നൽകിയിട്ടുണ്ട്. ചോറിനൊടൊപ്പം ഒരു കറിയും രണ്ട് വിഭവങ്ങളും നൽകണമെന്നും രസം, അച്ചാർ എന്നിവ ഒഴിവാക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. വിവിധതരം പയർവർഗ്ഗങ്ങൾ, പച്ചക്കറികൾ, ഇലക്കറികൾ, എന്നിവ ഭക്ഷണത്തിൽ ഉൾപ്പെടുത്തണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യത അനുസരിച്ചും കുട്ടികളുടെ താൽപര്യം കണക്കിലെടുത്തും മത്സ്യം/മാംസാഹാരം എന്നിവ മെനുവിൽ ഉൾപ്പെടുത്തുവാനും നിർദ്ദേശിച്ചിട്ടുണ്ട്. ഇതോടൊപ്പം ഉച്ചഭക്ഷണം കഴിക്കുന്ന എല്ലാ കുട്ടികൾക്കും ആഴ്ചയിൽ ഒരു ദിവസം മുട്ടയും, രണ്ട് ദിവസം പാലും (150 മില്ലി ലിറ്റർ വിതം) നൽകുവാനും നിർദ്ദേശം നൽകിയിട്ടുണ്ട്. മേൽ നിർദ്ദേശങ്ങൾക്കൊപ്പം സ്കൂളുകൾക്ക് ചുവടെ ചേർക്കുന്ന ഒരു സാമ്പിൾ മെനു കൂടി നൽകിയിട്ടുണ്ട്.<br>1. തിങ്കൾ : ചോറ്, പരിപ്പ് കറി, കിച്ചടി, തോരൻ (ബീറ്റ്റൂട്ട്/കാരറ്റ്/കോവയ്ക്ക/പപ്പായ/ കാബേജ് തുടങ്ങിയവ)<br>2. ചൊവ്വ : ചോറ്, എരിശ്ശേരി/പുളിശ്ശേരി, ചെറു പയർ/വൻപയർ തോരൻ, അവിയൽ<br>3. ബുധൻ : ചോറ്, സാമ്പാർ, മുട്ടക്കറി (കുട്ടി ഒന്നിന് ഒരു മുട്ട വീതം), ഇലക്കറികൾ (ചീര/മുരിങ്ങയില തുടങ്ങിയവ)<br>4. വ്യാഴം : ചോറ്, പരിപ്പ് കറി, അവിയൽ, തോരൻ(കാരറ്റ്/ബീൻസ/മുരിങ്ങയ്ക്ക/പപ്പായ/ കാബേജ് തുടങ്ങിയവ),<br>5. വെള്ളി:ചോറ്,സാമ്പാർ,ചെറുപയർ/വൻപയർ തോരൻ, ഇലക്കറികൾ (ചീര/മുരിങ്ങയില തുടങ്ങിയവ) |

| | | | |
|---|---|---|---|
| ബി) | ഉച്ചഭക്ഷണ വിതരണം കാര്യക്ഷമ മായി നടപ്പിലാക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്തി യിട്ടുള്ളത്; | ബി) | സ്കൂൾ ഉച്ചഭക്ഷണ പദ്ധതിയുടെ കാര്യക്ഷമമായ നടത്തിപ്പിന് വിപുലമായ സംവിധാനങ്ങളാണ് സർക്കാർ ഏർപ്പെടുത്തിയിട്ടുള്ളത്. സ്കൂൾ ഉച്ചഭക്ഷണ പദ്ധതി നടത്തിപ്പിൽ അദ്ധ്യാപക രക്ഷകർതൃ പങ്കാളിത്തവും പൊതു സമൂഹത്തിന്റെ പങ്കാളിത്തവും ഉറപ്പുവരുത്തുന്നതിനായി സ്കൂൾതല ഉച്ചഭക്ഷണ കമ്മറ്റികൾ രൂപീകരിച്ച് പദ്ധതി നടത്തിപ്പിന്റെ മേൽനോട്ടം ടി കമ്മറ്റികളെ ഏൽപ്പിച്ചിട്ടുണ്ട്. ഉച്ചഭക്ഷണ മെനു നിശ്ചയിക്കുന്നതും, പാചകതൊഴി ലാളികളെ നിയമിക്കുന്നതും, ഉപജില്ലാ വിദ്യാഭ്യാസ കാര്യാലയത്തിൽ സമർപ്പിക്കുന്നതിന് മുൻപായി ഓരോ മാസത്തേയും പദ്ധതി നടത്തിപ്പിന്റെ വരവ് ചെലവ് കണക്കുകൾ പരിശോധിച്ച് അംഗീകരിക്കു ന്നതും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, പ്രദേശത്തെ വ്യവസായ സ്ഥാപനങ്ങൾ, എന്നിവരുടെ സഹായത്തോടെ പദ്ധതി നടത്തിപ്പിന് ആവശ്യമായ മികച്ച അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്ന തിനും ഉള്ള നടപടികൾ സ്വീകരിക്കുന്നതും സ്കൂൾ ഉച്ചഭക്ഷണ കമ്മറ്റികളാണ്. പദ്ധതിയുടെ നടത്തിപ്പ് നിരന്തരം നിരീക്ഷിക്കുന്നതിനും സ്കൂൾ തല പരിശോധനകൾ നടത്തുന്നതിനുമായി ഉപജില്ലാ തലത്തിൽ ഓരോ നൂൺമീൽ ആഫീസർമാരെ നിയമിച്ചിട്ടുണ്ട്. ഉച്ചഭക്ഷണ പദ്ധതി പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും പദ്ധതി നടത്തിപ്പിൽ ജനകീയ പങ്കാളിത്തം ഉറപ്പ് വരുത്തുന്നതിനുമായി രണ്ട് മേഖലാ കോർഡിനേറ്റർമാരെ സർക്കാർ നിയമിച്ചിട്ടുണ്ട്. കൂടാതെ ഉപജില്ലാ, ജില്ലാ, സംസ്ഥാനതലങ്ങളിൽ സ്റ്റിയറിംഗ് കം മോണിറ്ററിംഗ് കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. ജില്ലാതലത്തിൽ ജില്ലയിലെ ഏറ്റവും സീനിയറായ ലോക് സഭാ അംഗം ചെയർമാനായ ഒരു മോണിറ്ററിംഗ് കമ്മറ്റിയും ജില്ലാ കളക്ടർ അദ്ധ്യക്ഷനായ മറ്റൊരു കമ്മറ്റിയും രൂപീകരിച്ചിട്ടുണ്ട്. |
| സി) | ഉച്ചഭക്ഷണ വിതരണത്തിനായി ഒരു കുട്ടിക്ക് എത്ര തുകയാണ് നിലവിൽ അനുവദിച്ചിട്ടുള്ളത്;തുകപര്യാപ്തമല്ലാത്ത പക്ഷം ആയത് വർദ്ധിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ; വ്യക്ത മാക്കാമോ? | സി) | 150 കുട്ടികൾ വരെ ഫീഡിംഗ് സ്ട്രെങ്ത് ഉള്ള സ്കൂളുകളിൽ കുട്ടിയൊന്നിന് പ്രതിദിനം 8 രൂപ, 151 മുതൽ 500 കുട്ടികൾ വരെ ഫീഡിംഗ് സ്ട്രെങ്ത് ഉള്ള സ്കൂളുകളിൽ ആദ്യത്തെ 150 കുട്ടികൾക്ക് പ്രതിദിനം 8 രൂപയും തുടർന്ന് 151 മുതൽ 500 വരെ വരുന്ന 350 കുട്ടികൾക്ക് പ്രതിദിനം കുട്ടിയൊന്നിന് 7 രൂപയും, 500-നു മുകളിൽ ഫീഡിംഗ് സ്ട്രെങ്ത് ഉള്ള സ്കൂളുകളിൽ ആദ്യത്തെ 150 കുട്ടികൾക്ക് കുട്ടിയൊന്നിന് പ്രതിദിനം 8/- രൂപയും, തുടർന്നുള്ള 350 കുട്ടികൾക്ക് (151 മുതൽ 500 വരെ) കുട്ടിയൊന്നിന് പ്രതിദിനം 7/- രൂപയും 500 ന് മുകളിൽ കുട്ടിയൊന്നിന് പ്രതിദിനം 6/- രൂപയും.<br>പാചക ചെലവിനത്തിൽ നിലവിൽ നൽകിവരുന്ന തുക പര്യാപ്തമാണ്. |

സെക്ഷൻ ഓഫീസർ